# കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)

**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**
**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**
**തിരുവനന്തപുരം -1**

**പ്രസിഡന്റ്** — **ജനറൽ സെക്രട്ടറി**
**കെ.പി.ധനപാലൻ Ex.MP** — **സിബിക്കുട്ടി ഫ്രാൻസിസ്**

തിരുവനന്തപുരം
31.03.2015

**നമ്പർ. 4/2015**

## സർക്കുലർ

സുഹൃത്തേ,

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ (ഐ.എൻ.റ്റി.യു.സി) സംസ്ഥാന ഭാരവാഹികൾ, ജില്ലാ കമ്മിറ്റി വർക്കിംഗ് പ്രസിഡന്റ്/സെക്രട്ടറി, വർക്കിംഗ് കമ്മിറ്റി എക്സ് ഒഫിഷ്യോ, ഡിവിഷൻ കമ്മിറ്റി പ്രസിഡന്റ്/സെക്രട്ടറി, അംഗങ്ങൾ എന്നിവരടങ്ങുന്ന സ്റ്റേറ്റ് കൗൺസിൽ 09-04-2015 വ്യാഴാഴ്ച രാവിലെ 10 ന് എറണാകുളം ഹോട്ടൽ കെ.കെ. ഇന്റർനാഷണൽ ഓഡിറ്റോറിയത്തിൽവച്ച് (സൗത്ത് റയിൽവേ സ്റ്റേഷന് സമീപം) പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. സുപ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളേണ്ടതിനാൽ താങ്കൾ സമയനിഷ്ഠ വരുത്താതെ യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### റഫറണ്ടം

റഫറണ്ടം നടത്തുന്നതിലേക്കായി കോൺഫെഡറേഷൻ 1000 രൂപ ഫീസടച്ച് ലേബർ ഓഫീസിൽ കത്ത് നൽകി. ഇത് സംബന്ധിച്ച ആദ്യ ഹിയറിംഗ് തിരുവനന്തപുരം ലേബർ കമ്മീഷണർ ഓഫീസിൽ വച്ച് മാർച്ച് 10-ാം തീയതി നടന്നു. വെരിഫിക്കേഷനിൽ കോൺഫെഡറേഷന്റെയും UDEEF ന്റെയും രേഖകൾ ഹാജരാക്കി. ഫോട്ടോ പതിച്ച മെമ്പർഷിപ്പ് രജിസ്റ്റർ ഉൾപ്പെടെ എല്ലാ രേഖകളും ഹാജരാക്കി. റഫറണ്ടത്തിൽ മത്സരിക്കുന്നതിന് അർഹതയുള്ള സംഘടനകളുടെ ലിസ്റ്റ് ലേബർ കമ്മീഷണർ പബ്ലിഷ് ചെയ്തതിനുശേഷം റിട്ടേണിംഗ് ഓഫീസറുടെ പോസ്റ്റിംഗ്, നോമിനേഷൻ, വോട്ടേഴ്സ് ലിസ്റ്റ് തുടങ്ങിയ കാര്യങ്ങൾ പൂർത്തിയാക്കാനുണ്ട്. റഫറണ്ടം മെയ് മാസത്തിൽ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു.

റഫറണ്ടത്തോടനുബന്ധിച്ചുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സെക്ഷൻ ഓഫീസുകളിൽ പോയി ശേഖരിക്കേണ്ടുന്ന വിവരങ്ങൾ അടങ്ങുന്ന ഫോം ഇതോടൊപ്പം അയക്കുന്നു.. ഈ ഫോമുകളിൽ വിവരങ്ങൾ പൂരിപ്പിച്ച് സ്റ്റേറ്റ് കൗൺസിലിന് വരുമ്പോൾ നിർബന്ധമായും കൊണ്ടുവരണം. സെക്ഷൻ കൺവീനേഴ്സിന് ഇന്നുതന്നെ ഫോം നൽകണം. ഫോം കിട്ടാത്തവർക്ക് അത് വെബ്സൈറ്റിൽ നിന്നും download (www.intuckeec.com, Menu: Union News/ Notice) ചെയ്ത് ഉപയോഗിക്കാം. **മുമ്പ് അയച്ച് തന്നിട്ടുള്ള ഐഡന്റിറ്റി കാർഡ് ഫോർമാറ്റും പരിശോധിച്ചശേഷം ഒപ്പിട്ട് സ്റ്റേറ്റ് കൗൺസിലിന് വരുമ്പോൾ തിരികെയെത്തിക്കണം.**

റഫറണ്ടത്തിന് നമ്മുടെ യൂണിയന് 40 ശതമാനത്തിനുമുകളിൽ വോട്ടുകൾ കിട്ടുവാൻ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തണമെന്നതിനെപ്പറ്റിയുള്ള വിലയേറിയ നിർദ്ദേശങ്ങൾ തയ്യാറാക്കി സ്റ്റേറ്റ് കൗൺസിലിനുവരുമ്പോൾ ജനറൽ സെക്രട്ടറിയെ ഏൽപ്പിക്കണം.

### ഭാരവാഹികളുടെ ലിസ്റ്റ്

ജില്ലാ/ഡിവിഷൻ ഭാരവാഹികളുടെ പേര് (വൈസ് പ്രസിഡന്റ്, ട്രഷറർ, ജോയിന്റ് സെക്രട്ടറി, ഓർഗനൈസിംഗ് സെക്രട്ടറി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, etc ) കേന്ദ്രക്കമ്മിറ്റി ഓഫീസിൽ ഇനിയും എത്തിക്കാത്ത ജില്ലാ/ഡിവിഷൻ കമ്മിറ്റികൾ അത് ഉടൻ എത്തിക്കണം (E-mail മുഖേനയോ അല്ലെങ്കിൽ Website ൽ "Contact us" ലൂടെയോ ചേർക്കണം. Income Tax Calculation നുള്ള റെഡിറെക്കണർ നമ്മുടെ സൈറ്റിലുണ്ട്. (ചേർത്തല ഡിവിഷൻ സെക്രട്ടറി ശ്രീ.കൃഷ്ണകുമാർ ചെയ്ത പ്രോഗ്രാം)

**ജി. കാർത്തികേയൻ അനുസ്മരണം**

മുൻ വൈദ്യുതി മന്ത്രിയും വൈദ്യുതി തൊഴിലാളികളുടെ ഏക്കാലത്തേയും പ്രിയപ്പെട്ട ജി.കാർത്തികേയന്റെ മരണാനന്തര ചടങ്ങുകളിൽ കോൺഫെഡറേഷൻ പ്രവർത്തകർ പങ്കെടുത്തു. എല്ലാ ഡിവിഷനുകളിലും Flex ഉം പോസ്റ്ററും പതിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. തിരുവനന്തപുരം വൈദ്യുതി ഭവനിൽ 9.3.2015 ൽ എല്ലാ യൂണിയനുകളെയും പങ്കെടുപ്പിച്ച് അനുസ്മരണം നടത്തി. ഡിവിഷൻ തലത്തിൽ അനുസ്മരണം നടത്തുവാൻ നിർദ്ദേശിച്ചിരുന്നു.

**സബ് എഞ്ചിനീയർ ട്രെയിനി**

നിലവിൽ സബ് എഞ്ചിനീയർ ട്രെയിനിമാരായി ജോലി ചെയ്യുന്നവരുടെ കലാവധി അവസാനിച്ചതിനാൽ അവർക്ക് ആ തസ്തികയിൽ ഒരുവർഷത്തേക്ക് കൂടി തുടരുന്നതിനുള്ള ബോർഡ് ഉത്തരവ് സമ്പാദിക്കുവാൻ കോൺഫെഡറേഷൻ നേതൃത്വത്തിന് സാധിച്ചു. അതോടൊപ്പം കഴിഞ്ഞ ഓർഡറിൽ ലഭിക്കാതിരുന്ന അർഹരായവർക്കും ഉത്തരവ് നൽകി.

**വർക്കർ - കാഷ്യർ നിയമനം**

വിവിധ ജില്ലകളിൽ ഉണ്ടായിരുന്ന ഒഴിവുകളിൽ 159 കാഷ്യർമാരുടേയും 169 വർക്കർ മാരുടേയും നിയമനം നടത്തിക്കുവാൻ കോൺഫെഡറേഷന് സാധിച്ചു.

**SA to SS പ്രമോഷൻ**

സീനിയർ അസിസ്റ്റന്റിൽ നിന്നും സൂപ്രണ്ടിലേക്ക് 44 പേർക്ക് പ്രമോഷനുകൾ നൽകാൻ കോൺഫെഡറേഷന്റെ ഇടപെടൽമൂലം സാധിച്ചു.

**വിദ്യുത്തരംഗം**

വിദ്യുത്തരംഗത്തിന്റെ മാർച്ച് മാസപ്പതിപ്പ് പുറത്തിറക്കി. എല്ലാ ഡിവിഷൻ സെക്രട്ടറിമാരുടെയും അഡ്രസ്സിൽ തരംഗം പ്രൊഫഷണൽ കൊറിയർ വഴി അയച്ചിട്ടുണ്ട്. പുതിയ മേൽവിലാസം DTP എടുത്ത് E-mail ചെയ്യണം. തുക A/C No.40002010050952, Syndicate Bank, Statue Branch, Trivandrum, (IFSC No. SYNB0004000) സിബിക്കുട്ടി ഫ്രാൻസിസ് & എം.വി.മനോജ് എന്ന പേരിൽ അടയ്ക്കണം. പണം അടച്ച രസീതിന്റെ കോപ്പി യൂണിയൻ ഓഫീസിൽ അയച്ചുകൊടുക്കണം.

**ജനറൽ ട്രാൻസ്ഫർ - 2015**

നമ്മുടെ യൂണിയന്റെ ശക്തമായ സമ്മർദ്ദംമൂലം ജനറൽ ട്രാൻസ്ഫർ - 2015 ലേയ്ക്ക് അപേക്ഷ ക്ഷണിക്കുവാനുള്ള ഉത്തരവ് ഇറക്കാൻ സാധിച്ചു. അപേക്ഷ ഓൺലൈനിലൂടെ സമർപ്പിക്കുവാനുള്ള അവസാന തീയതി 2015 ഏപ്രിൽ 25 വരെയാണ്. ഈ തീയതിക്ക് മുമ്പ് അപേക്ഷ കൊടുക്കുവാൻ എല്ലാ അംഗങ്ങളെയും ഓർമ്മിപ്പിക്കണം. ഏപ്രിൽ 30 നകം കോൺഫെഡറേഷനിൽപ്പെട്ട ട്രാൻസ്ഫർ വേണ്ടുന്ന അംഗങ്ങളെ ഡിവിഷൻ ഭാരവാഹികൾ നേരിട്ട് സെക്ഷനോഫീസുകളിൽ ചെന്ന് കണ്ട് അപേക്ഷയുടെ കോപ്പി വാങ്ങണം. മെഡിക്കൽ കേസുകളിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് (മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, അമൃത, SCT, RCC etc,) വാങ്ങണം. ആശ്രിതരെ സംരക്ഷിക്കുന്നവർ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും വാങ്ങണം. അപേക്ഷയുടെ കോപ്പി, മെഡിക്കൽ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് തുടങ്ങിയവ 2 സെറ്റ് യൂണിയൻ ഓഫീസിൽ 2015 മെയ് 5 നകം എത്തിക്കണം. 1 സെറ്റ് ഡിവിഷൻ കമ്മിറ്റി സൂക്ഷിക്കണം. ലിസ്റ്റിന്റെ കോപ്പി ജില്ലാ സെക്രട്ടറിക്കും ജില്ലയിലുള്ള സംസ്ഥാന ഭാരവാഹിക്കും നൽകണം. ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ചിട്ടുള്ളവർ സൈറ്റ് മഹസർ, ആക്സിഡന്റ് റിപ്പോർട്ട് എന്നിവയുടെ കോപ്പി എത്തിച്ചാൽ ട്രാൻസ്ഫറിൽ നിന്നും പ്രൊട്ടക്ഷൻ ലഭിക്കും. ജനറൽ ട്രാൻസ്ഫറിനുവേണ്ടി കൊടുക്കുന്ന അപേക്ഷകൾ മാത്രമേ ഇനിയും പരിഗണിക്കുകയുള്ളൂ. മുമ്പ് അപേക്ഷ കൊടുത്തിരുന്നതിന്റെ പേരിൽ ഓൺലൈൻ അപേക്ഷ കൊടുക്കാതിരിക്കരുത്.

**ക്രെഡിറ്റ്**

വിവിധ ക്ലെയിംമുകൾക്കുള്ള ക്രെഡിറ്റ് 17.03.2015 വരെയുള്ളത് നൽകിക്കഴിഞ്ഞു.

സ്നേഹാദരങ്ങളോടെ,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി